കണ്ടുപിടിക്കുവാൻ പച്ചക്കറി കടകളിൽ നിന്നും, കർഷകന്റെ കൃഷിയിടങ്ങളിൽ നിന്നും സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നതിന് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി കൃഷി വകുപ്പും കേരള സർവ്വകലാശാലയും ചേർന്ന് നടപ്പിലാക്കുന്നു.

തിരുവനന്തപുരത്തെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് ജില്ലയിലെ പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ ഇരുന്നൂറോളം സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധയിനം പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നു.

(സി) പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന നിലവിൽ നടത്തുന്നത് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ ആണ്. കൃഷി വകുപ്പിന്റെ ശിപാർശയോടു കൂടി വരുന്ന കർഷകരുടെ പച്ചക്കറി സാമ്പിളുകൾ ഇവിടെ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500 രൂപ മുതൽ 8000 രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നുണ്ട്.

(ഡി) വിപണിയിലെത്തുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ജലാശയങ്ങളിലെ കളകൾ നീക്കം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വെള്ളത്തിൽ കൃഷി ചെയ്യുന്ന രീതി

209 (3496) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലാശയങ്ങളിലെ കളകൾ നീക്കം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വെള്ളത്തിൽ കൃഷി ചെയ്യുന്ന രീതി അവംലബിക്കുന്നത് നല്ലതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ പ്രസ്തുത മാർഗ്ഗം ഏറെ പ്രയോജനകരമാണെന്നും കരയിലെ കൃഷിയേക്കാൾ പത്ത് മടങ്ങ് വിളവ് കൂടുതൽ ആയി ലഭിക്കുമെന്നും ഉള്ളതിനാൽ ഈ രീതിയിലുള്ള കൃഷി വ്യാപിപ്പിക്കുവാൻ കൃഷിവകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെള്ളത്തിൽ കൃഷി (മോഡിഫൈഡ് ഹൈഡ്രോപോണിക്സ്) എന്ന കൃഷി രീതിയെ സംബന്ധിച്ച് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ആലപ്പുഴ എസ്.ഡി. കോളേജിൽ ഗവേഷണം തുടങ്ങിയതായി പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി വകുപ്പോ കേരള കാർഷിക സർവ്വകലാശാലയോ ഈ രീതിയിലുള്ള കൃഷിയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. കേരള കാർഷിക സർവ്വകലാശാല ഇതിൽ ഗവേഷണം നടത്തി അതിന്റെ ഫലവും ശിപാർശയും ലഭ്യമാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് പദ്ധതി

210 (3497) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് എന്തെല്ലാം സഹായപദ്ധതികളാണ നടപ്പാക്കി വരുന്നതെന്ന വ്യക്തമാക്കുമോ ;

(ബി) 2014-05 വർഷത്തിൽ ടി പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റിയതിനുള്ള ധനസഹായം ലഭിക്കുന്നതിന് കൃഷിക്കാർ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്ന വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷം നാളികേരവികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സി.ഡി.ബി.യുടെ നാളികേര വികസന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ഒന്നാംവർഷ പരിചരണം നടപ്പിലാക്കുന്ന 1000 ഹെക്ടറിൽ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ 26 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്ക് ആകെ 4219 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly